**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **11-02-2025 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികൾ വിശദമാക്കാമോ; | (എ) | 1. 2021-22 വർഷത്തിൽ ഉൾപ്പെട്ട **വെൺപാലവട്ടം ഈറോഡ്** ഗ്രാമത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട 12 ഭവന പുനരുദ്ധാരണ പ്രവൃത്തികളും മൂന്ന് കിണറുകളുടെ നവീകരണവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. 2021-22 വർഷത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട **അണമുഖംകുന്ന് ഗ്രാമ**ത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>3. 2023-24 വർഷത്തിലെ **ചെങ്കൊടിക്കാട് ഗ്രാമ**ത്തിന്റെ സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് LSGD സമർപ്പിച്ചിട്ടുണ്ട്. ഇലക്ട്രിക് വർക്കുകളുടെ എസ്റ്റിമേറ്റ് PWD ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി വിശദമാക്കാമോ; | (ബി) | **MOU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കേണ്ടതാണ് എന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.** |
| (സി) | പ്രസ്തുത പ്രോജക്ട് പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ സാധ്യതയുള്ള എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | അംബേദ്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു വർഷം പരമാവധി രണ്ടു ഗ്രാമങ്ങളെയാണ് ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ